# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**പട്ടിക വർഗ്ഗക്ഷേമ വികസനം**

**4112** **ശ്രീ. വി. ഡി. സതീശൻ**
**,, വി. റ്റി. ബൽറാം**
**,, വർക്കല കഹാർ**
**,, പി. എ. മാധവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വികസനത്തിന് കാതലായ മാറ്റം വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി പുതിയ വർഗ്ഗവികസന നയം രൂപീകരിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച് റേഷൻ കടകളും, പി.എച്ച്.സി സബ്സെന്ററുകളും**

4113 ശ്രീ. പി.റ്റി.എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ ജനവിഭാഗങ്ങൾ പട്ടിണിയിലും, വിവിധ രോഗങ്ങൾക്കടിമപ്പെട്ടും കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം പോഷണ, ആരോഗ്യ, ജീവിത നിലവാര സൂചികകളിൽ ഇവർ വളരെ താഴെയാണെന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ ഭക്ഷണ, ആരോഗ്യ കാര്യങ്ങൾക്കായി ചെലവിടുന്നതുക യഥാസ്ഥാനത്ത് എത്തുന്നു എന്നുറപ്പിക്കാൻ നിലവിൽ സംവിധാനം ഉണ്ടോ;

(ഡി) പ്രശ്നപരിഹാരത്തിനായി ഊരുകൂട്ടങ്ങൾ കേന്ദ്രീകരിച്ച് റേഷൻ കടകളും, പി.എച്ച്.സി സബ്സെന്ററുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാർ</u>

4114 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അവിവാഹിത ആദിവാസി അമ്മമാരാണുള്ളത്;

(ബി) ഇവരിൽ ഏത് വിഭാഗത്തിൽപെട്ടവരാണ് ഏറ്റവും കൂടുതലെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ പുനരധിവാസത്തിനായി നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം**

4115 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിവരിക്കുമോ;

(ബി) അവിവാഹിതരായ പട്ടികവർഗ്ഗക്കാരായ അമ്മമാരുടെ പുനരധിവാസത്തിനായി കഴിഞ്ഞവർഷം എത്ര തുക ബജറ്റിൽ വകകൊള്ളിച്ചിരുന്നു; അതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### ആദിവാസികൾക്കിടയിൽ ക്ഷയരോഗം

4116 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി
'' കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ ക്ഷയരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വയനാട്ടിലെ ആദിവാസികൾക്കിടയിൽ ക്ഷയരോഗം പടർന്നുപിടിച്ച് മരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>നിര്‍ത്തലാക്കിയ സൗജന്യ ചികില്‍സാ പദ്ധതികള്‍</u>

**4117**

### ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി ജനവിഭാഗങ്ങള്‍ക്ക് എല്‍. ഡി. എഫ് സര്‍ക്കാര്‍ നല്‍കിയിരുന്ന സൗജന്യ ചികില്‍സാ പദ്ധതി ഈ സര്‍ക്കാര്‍ നിര്‍ത്താലാക്കരുതെന്ന് ആവശ്യപ്പെട്ട് ആദിവാസി ക്ഷേമസമിതി നല്‍കിയ നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്മേല്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) നിര്‍ത്തലാക്കിയ ഏതെല്ലാം സൗജന്യ ചികില്‍സാ പദ്ധതികളാണ് പുനസ്ഥാപിക്കാന്‍ തീരുമാനിച്ചിട്ടുളളതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്നവർക്ക് കൈവശാവകാശരേഖ**

4118

**ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന എത്രപേർക്കാണ് മുൻ സർക്കാരിന്റെ കാലത്ത് കൈവശാവകാശ രേഖ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര പേർക്ക് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി**

4119 **ശ്രീ. എ.കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എത്ര രൂപയാണ് 2011-12 ബജറ്റിൽ നീക്കി വച്ചിരുന്നത്; ഇതിൽ എത്ര രൂപാ ചിലവായി; ഈ പദ്ധതി പ്രകാരം 2012 മാർച്ച് 31 വരെ എത്ര ആദിവാസികളെ പുനരധിവസിപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരമുള്ള തുക ലാപ്സാവുകയോ വകമാറ്റി ചെലവാക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവങ്ങൾ നൽകുമോ;

(സി) അന്യാധീനപ്പെട്ട ആദിവാസികളുടെ ഭൂമി ഏറ്റെടുക്കാൻ എത്ര രൂപയാണ് 2011-12 ബജറ്റിൽ നീക്കി വച്ചിരുന്നത്; ഇതിൽ എത്ര രൂപാ ചെലവായി; ഈ പദ്ധതി പ്രകാരം 2010 മാർച്ച് 31 വരെ എത്ര ആദിവാസികളുടെ ഭൂമി ഏറ്റെടുത്ത് നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഡി) ഈ പദ്ധതി പ്രകാരമുളള തുക ലാപ്സാവുകയോ വകമാറ്റി ചെലവാക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി കിടപ്പാടം**

4120 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് സ്വന്തമായി കിടപ്പാടമുണ്ടെന്നും ഇനി എത്ര കുടുംബങ്ങൾക്ക് ഇവ ലഭ്യമാക്കാനുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ദേശീയ പട്ടികവര്‍ഗ്ഗ മഹോത്സവം**

4121 **ശ്രീ. ബെന്നി ബെഹനാന്‍**
**,, വി. പി. സജീന്ദ്രന്‍**
**,, അന്‍വര്‍ സാദത്ത്**
**,, ഹൈബി ഈഡന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്ത് ദേശീയ പട്ടികവര്‍ഗ്ഗ മഹോത്സവം നടത്തുകയുണ്ടായോ; വിശദമാക്കുമോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തൊക്കെയായിരുന്നു;**

(ബി) **ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് മഹോത്സവം നടത്തിയത്;**

(സി) **മഹോത്സവത്തില്‍ നടന്ന ചര്‍ച്ചകളില്‍ ഉരുത്തിരിയുന്ന ആശയങ്ങള്‍ എന്തൊക്കെയായിരുന്നു;**

(ഡി) **ആശയങ്ങള്‍ സ്വാംശീകരിച്ച് വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിര്‍വ്വഹണത്തിലും ഉപയോഗപ്പെടുത്തുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഗോത്രവര്‍ഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങള്‍</u>

4122

ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗോത്രവര്‍ഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങള്‍ സംരക്ഷിക്കുന്നതിനും, ഈ മേഖലയില്‍ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നവരെ സഹായിക്കുന്നതിനും പട്ടികവര്‍ഗ്ഗ ക്ഷേമ വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഇല്ലെങ്കില്‍ ഇക്കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**പട്ടികവർഗ്ഗക്കാരുടെ വായ്പാ കുടിശ്ശിക**

4123 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികവർഗ്ഗക്കാർക്കുള്ള റവന്യൂ റിക്കവറി നടപടി നിർത്തി വെയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

<u>**പട്ടികവര്‍ഗ്ഗ റസിഡന്‍ഷ്യല്‍ സര്‍വ്വകലാശാല**</u>

**4124** **ശ്രീ. കെ. മുരളീധരന്‍**
**,, കെ. ശിവദാസന്‍ നായര്‍**
**,, ലൂഡി ലൂയിസ്**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **പട്ടികവര്‍ഗ്ഗ റസിഡന്‍ഷ്യല്‍ സര്‍വ്വകലാശാല സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;**

(ബി) **സര്‍വ്വകലാശാലയില്‍ എന്തെല്ലാം കോഴ്സുകള്‍ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;**

(സി) **പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ഈ സര്‍വ്വകലാശാല വഴി എന്തെല്ലാം വിദ്യാഭ്യാസ സൗകര്യങ്ങളാണ് നല്‍കാനുദ്ദേശിക്കുന്നത് ;**

(ഡി) **ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികള്‍ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ആദിവാസി വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ നിലവാരം**

**4125**

**ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍**
**,, പാലോട് രവി**
**,, സണ്ണി ജോസഫ്**
**,, എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയര്‍ത്തുവാന്‍ എന്തൊക്കെ കര്‍മ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനു വേണ്ടി എല്ലാ ജില്ലകളിലും ആദിവാസികള്‍ക്കായി ഇംഗ്ലീഷ് മീഡിയം സ്കൂള്‍ ആരംഭിക്കുന്നതിന് മുന്‍കൈ എടുക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ**

4126 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം;

(ബി) സ്കൂളുകളുടെ കീഴിലുളള ഹോസ്റ്റലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

### വിജയകുമാര്‍ കാണിയുടെ മകള്‍ക്ക് സ്കൂളില്‍ പ്രവേശനം നിഷേധിച്ച സംഭവം

4127 ശ്രീ. എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ ക്ഷേമ വകുപ്പിന്റെ കീഴില്‍ പെരിങ്ങമ്മല, ഞാറനീലി, ഡോ. അംബേദ്ക്കര്‍ വിദ്യാനികേതന്‍ (സി. ബി. എസ്. ഇ) സ്കൂളില്‍ ഇന്റര്‍വ്യൂ പാസ്സാകുകയും ക്ലാസ് ആരംഭിച്ചപ്പോള്‍ ചാക്കപ്പാറ വിജയശ്രീഭവനില്‍, വിജയകുമാര്‍ കാണിയുടെ മകളുടെ പ്രവേശനം നിഷേധിക്കുകയും ചെയ്ത വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ പ്രസ്തുത കാര്യത്തില്‍ എന്ത് നടപടി സ്വീകരിച്ചു;

(ബി) വിജയകുമാര്‍ കാണിയുടെ കമള്‍ക്ക് അഡ്മിഷന്‍ നല്‍കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിന് യുവജന നയം**

**4128** ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തിന് സ്വന്തമായി ഒരു യുവജനനയം അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;**

(ബി) **തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### കൊടുവള്ളി നിയോജക മണ്ഡലത്തിലെ സ്റ്റേഡിയം

4129 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ യുവജനങ്ങൾക്ക് ഉപകാരപ്രദമാകുന്നരീതിയിൽ ഒരു സ്റ്റേഡിയം പണിയേണ്ടുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ താമരശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി ഒരു സ്റ്റേഡിയം പണിയാൻ തയ്യാറാകുമോ;

**കേരള നിയമസഭ**

**27.06.2012 -ലെ മറുപടിക്ക്**

**തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിലെ പ്രദർശന രീതി നവീകരണം**

**4130 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ ആർട്ട് മ്യൂസിയത്തിന്റെ മാതൃകയിൽ തിരുവനന്തപുരം ആർട്ട് മ്യൂസിയത്തിലെ പ്രദർശന രീതി നവീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മ്യൂസിയത്തോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്കിൽ കൂടുതൽ കളി ഉപകരണങ്ങൾ വാങ്ങുന്നതിനും, ആക്ടിവിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 –ലെ മറുപടിക്ക്

**മൃഗശാലകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി**

4131 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗശാലകൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനുളള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) പറശ്ശിനിക്കടവ് പാമ്പു വളർത്തൽ കേന്ദ്രം അടക്കമുളള സ്ഥാപനങ്ങൾക്ക് സർക്കാരിന്റേയോ മൃഗശാലാ അതോറിറ്റിയുടെയോ അംഗീകാരമുണ്ടോ ;

(സി) അംഗീകാരമില്ലാത്ത ഏതെങ്കിലും മൃഗശാലയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതാണെന്ന് വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**തിരുവനന്തപുരം മൃഗശാലയിൽ ദേശീയമൃഗശാല നയം**

**4132** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തിരുവനന്തപുരം മൃഗശാലയിൽ ദേശീയ മൃഗശാല നയത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന പരിപാടികൾ എന്തെല്ലാം;**

(ബി) **കേരളത്തിലെ മൃഗശാലകളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ ആണ് വരുത്തിയിട്ടുള്ളത്;**

(സി) **തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തിരുവനന്തപുരം മൃഗശാലയിലെ താൽക്കാലിക നിയമനം**

4133 **ശ്രീ. ബി സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തിരുവനന്തപുരം മൃഗശാലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ വേതനം, ഡ്യൂട്ടി സമയം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

വിവിധ മൃഗശാലകളിൽ വന്യമൃഗങ്ങളുടെ മരണം

4134

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ വിവിധ മൃഗശാലകളിൽ എത്ര വന്യമൃഗങ്ങൾ മരണമടഞ്ഞിട്ടുണ്ട്;

(ബി) പ്രസ്തുത മരണങ്ങളുടെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതൊക്കെ മൃഗശാലകളിലാണ് പ്രസ്തുത മരണങ്ങൾ നടന്നിട്ടുളളതെന്നും മരണപ്പെട്ട വന്യമൃഗങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 27.06.2012 -ലെ മറുപടിക്ക്

**2011- 12 വർഷം മൃഗശാലകൾക്കായി ചെലവഴിച്ച തുക**

**4135 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം സംസ്ഥാനത്തെ ഓരോ മൃഗശാലകൾക്കുമായി എത്ര തുകവീതം ചെലവഴിച്ചു;

(ബി) ഓരോ വർഷവും താപനില വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നഗരഹൃദയങ്ങളിൽ പ്രവർത്തിക്കുന്ന മൃഗശാലകൾ കോടാനാട്ടുള്ള 'അഭയാരണ്യം' പോലെ വനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നഗരത്തിലെ അന്തരീക്ഷം പലമൃഗങ്ങൾക്കും ജീവികൾക്കും തങ്ങളുടെ ആവാസവ്യവസ്ഥയുമായി തീരെ യോജിക്കാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൃഗശാലകളുടെ പ്രവർത്തനം വനം വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?